## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 6668

09.07.2014-ൽ മറുപടിക്ക്.

### സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയർമാന് വാഹനം വാങ്ങുന്നതിന് അനുവദിച്ച തുക

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയർമാന് വാഹനം വാങ്ങുന്നതിന് വേണ്ടി അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ആദ്യം എത്ര രൂപയുടെ വാഹനം വാങ്ങുന്നതിനായിരുന്നു അനുമതി നൽകിയത്; | :(എ) ഉണ്ട്. ആദ്യ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 18/2013/ആഭ്യന്തരം തീയതി 21.01.2013 പ്രകാരം ഏഴ്-എട്ട് ലക്ഷം രൂപയുടെയും, പിന്നീട് സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 93/2013/ആഭ്യന്തരം തീയതി 05.04.2013 പ്രകാരം പത്ത് ലക്ഷം രൂപയുടെയും, അതിനുശേഷം സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 167/2013/ആഭ്യന്തരം തീയതി 03.07.2013 പ്രകാരം 10,18,162/- രൂപയുടെ വാഹനം വാങ്ങുന്നതിന് മേൽ ഉത്തരവ് ഭേദഗതി ചെയ്ത് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) അനുമതി നൽകിയതിലും കൂടുതൽ തുകയ്ക്കുള്ള വാഹനം വാങ്ങിയിട്ടുണ്ടോ; | : (ബി) ഇല്ല. |
| (സി) സർക്കാർ ഗ്രാന്റ്, ഹജ്ജ് കമ്മിറ്റി ഫണ്ട് എന്നിവ ഉപയോഗിച്ച് പ്രസ്തുത വാഹനത്തിന് ഇന്ധന ഇനത്തിലും ഡ്രൈവറുടെ ദിവസവേതനം, മറ്റ് ചെലവുകൾ എന്നീ ഇനങ്ങളിലും എത്ര രൂപ വീതം ചെലവഴിച്ചെന്ന് വ്യക്തമാക്കാമോ; | : (സി) ഡ്രൈവറുടെ ദിവസവേതനം - 69,200/- രൂപ<br>ഇന്ധനച്ചെലവ് - 72,758/- രൂപ<br>മറ്റു ചെലവുകൾ - 37, 562/- രൂപ<br>(സർവ്വീസ് ചാർജ്ജ് 15991 രൂപ, മൈലേജ് ഇൻസ്പെക്ഷൻ ഫീ 1000 രൂപ, ഇൻഷുറൻസ് 14071/- രൂപ, ആക്സസറീസ് വാങ്ങിയ വകയിൽ 6500/- രൂപ) |
| (ഡി) മുമ്പ് സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയർമാൻമാരായിരുന്നവർ ഇത്തരം വാഹനം വാങ്ങിയിരുന്നോ എന്നും നിലവിൽ ഹജ്ജ് കമ്മിറ്റി ആവശ്യത്തിന് വാടകക്ക് എടുത്ത വാഹനം ഉണ്ടോയെന്നും വ്യക്തമാക്കാമോ? | : (ഡി) വാഹനം വാങ്ങിയിട്ടില്ല. ഹജ്ജ് കമ്മിറ്റി ആവശ്യത്തിന് വാഹനം വാടകക്കെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ